# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂൺ 11<br>JUNE 11 | 2018 |
|---|---|

*1193 ഇടവം 28 തിങ്കൾ*

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ഫാർമസിസ്റ്റ് ഒഴിവ്**

വള്ളിക്കോട് ഗ്രാമപഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ താത്കാലികമായി ഫാർമിസിസ്റ്റിനെ നിയമിക്കുന്നു. സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും എൻ.സി.പി/സി.സി.പി പാസായവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ ഈ മാസം 21ന് രാവിലെ 11ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കണം. വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ താമസിക്കുന്നവർക്ക് മുൻഗണന. ഫോൺ: 9446185701.

(പിഎൻപി 1492/18)

**മഴക്കെടുതി: 52.82 ലക്ഷം രൂപയുടെ നഷ്ടം**

ജില്ലയിൽ മഴക്കെടുതിയിൽ ഇന്നലെ 52.82 ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചു. 87 വീടുകൾ ഭാഗികമായും ആറ് വീടുകൾ പൂർണമായും തകർന്നു. 7.15 ഹെക്ടറിൽ കൃഷിനാശവും സംഭവിച്ചു. ഭാഗികമായി വീടുകൾ തകർന്നതിൽ 19.3 ലക്ഷം രൂപയും പൂർണമായി വീടുകൾ തകർന്നതിൽ ആറ് ലക്ഷം രൂപയും കൃഷി നാശം മൂലം 20.37 ലക്ഷം രൂപയുടെയും നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. റാന്നി താലൂക്കിന്റെ പരിധിയിൽപ്പെട്ട പ്രദേശങ്ങളിലാണ് നാശനഷ്ടങ്ങൾ കൂടുതലായി ഉണ്ടായത്.

(പിഎൻപി 1493/18)

## പനി: 436 പേര്‍ ചികിത്സ തേടി

ജില്ലയില്‍ പനി ബാധിച്ച് ഇന്നലെ (11) 436 പേര്‍ വിവിധ ആശുപത്രികളില്‍ ചികിത്സ തേടി. എട്ട് പേര്‍ക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. എലിപ്പനി ലക്ഷണങ്ങളോടെ ആശുപത്രിയില്‍ എത്തിയ നാലില്‍ രണ്ട് പേര്‍ക്ക് പേര്‍ക്ക് എലിപ്പനി സ്ഥിരീകരിച്ചു. ഒരാള്‍ക്ക് ചിക്കന്‍പോക്സും സ്ഥിരീകരിച്ചു. വയറിളക്ക രോഗങ്ങള്‍ക്ക് 75 പേര്‍ ചികിത്സ തേടി. വടശേരിക്കര, വല്ലന, മൈലപ്ര, കൊക്കാത്തോട്, ചന്ദനപ്പള്ളി, ഇലന്തൂര്‍ എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചത്. വടശേരിക്കര, കാഞ്ഞീറ്റുകര എന്നിവിടങ്ങളിലാണ് എലിപ്പനി സ്ഥിരീകരിച്ചിട്ടുള്ളതെന്നും ഡിഎംഒ (ആരോഗ്യം) അറിയിച്ചു.

(പിഎന്‍പി 1494/18)

## കുരുമ്പന്‍മൂഴി നിവാസികളുടെ പ്രശ്നങ്ങള്‍ക്ക് പരിഹാരം കാണാന്‍ ശ്രമിക്കും : ജില്ലാ കളക്ടര്‍

കുരുമ്പന്‍മൂഴി നിവാസികളുടെ പ്രശ്നങ്ങള്‍ക്ക് പരിഹാരം കാണാന്‍ ശ്രമിക്കുമെന്ന് ജില്ലാ കളക്ടര്‍ പി.ബി.നൂഹ് പറഞ്ഞു. കാലവര്‍ഷക്കെടുതികളില്‍ നാശനഷ്ടം സംഭവിച്ച റാന്നി താലൂക്കിലെ വിവിധ പ്രദേശങ്ങള്‍ സന്ദര്‍ശിച്ച ശേഷം സംസാരിക്കുകയായിരുന്നു കളക്ടര്‍. അറയാഞ്ഞിലിമണ്ണിലുള്ളതുപോലെ തൂക്കുപാലമോ മറ്റ് ബദല്‍ സംവിധാനങ്ങളോ ഏര്‍പ്പെടുത്താതെ കുരുമ്പന്‍മൂഴി നിവാസികള്‍ക്ക് അടിയന്തര സാഹചര്യങ്ങളില്‍ പുറത്തെത്തുവാന്‍ കഴിയില്ല. വനത്തിലൂടെ കിലോമീറ്ററുകളോളം സഞ്ചരിച്ച് വേണം കുരുമ്പന്‍മൂഴി നിവാസികള്‍ക്ക് പുറത്തെത്താന്‍. ഇത് പലപ്പോഴും രോഗികളെ ആശുപത്രിയില്‍ എത്തിക്കുന്നതിന് ഏറെ ബുദ്ധിമുട്ടുകള്‍ സൃഷ്ടിക്കുന്നുണ്ട്. കഴിഞ്ഞ ജില്ലാ വികസന സമിതിയില്‍ ഈ വിഷയം ഉയര്‍ന്നുവന്നിരുന്നു. ഇക്കാര്യത്തില്‍ കുരുമ്പന്‍മൂഴി നിവാസികളുടെ പ്രശ്നങ്ങള്‍ക്ക് ശാശ്വത പരിഹാരം കാണുന്നതിനുള്ള ശ്രമം നടത്തുമെന്നും കളക്ടര്‍ പറഞ്ഞു. അയിരൂര്‍ പ്രദേശത്ത് കൃഷിനാശം സംഭവിച്ച സ്ഥലങ്ങളിലെ നാശനഷ്ടം ഉടന്‍ തിട്ടപ്പെടുത്തി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കാന്‍ കളക്ടര്‍ കൃഷിവകുപ്പ് ഉദ്യോഗസ്ഥര്‍ക്ക് നിര്‍ദേശം നല്‍കി. വീടിനും മറ്റുമുണ്ടായ നാശനഷ്ടം അടിയന്തരമായി തിട്ടപ്പെടുത്തി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കാന്‍ റവന്യു ഉദ്യോഗസ്ഥര്‍ക്കും നിര്‍ദേശം നല്‍കി.

റാന്നി തഹസീല്‍ദാര്‍ കെ.വി.രാധാകൃഷ്ണന്‍ നായര്‍, ഡെപ്യൂട്ടി തഹസീല്‍ദാര്‍ ജോസ് കെ.ഈപ്പന്‍, അയിരൂര്‍ പഞ്ചായത്ത് പ്രസിഡന്‍റ് തോമസ് തമ്പി, നാറാണംമൂഴി പഞ്ചായത്ത് പ്രസിഡന്‍റ് മോഹന്‍രാജ് ജേക്കബ്, അയിരൂര്‍ വില്ലേജ് ഓഫീസര്‍ ആനന്ദകുമാര്‍, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അമ്പിളി പ്രഭാകരന്‍, ഗോപിക ഹരികുമാര്‍ തുടങ്ങിയവര്‍ വിവിധ സ്ഥലങ്ങളില്‍ കളക്ടറോടൊപ്പമുണ്ടായിരുന്നു.

(പിഎന്‍പി 1495/18)

## ബാലവേല വിരുദ്ധദിനം

ജില്ലാ ലീഗല്‍ സര്‍വീസ് അതോറിറ്റിയുടെയും തൊഴില്‍ വകുപ്പിന്‍റെയും ചൈല്‍ഡ് ലൈന്‍റെയും സംയുക്താഭിമുഖ്യത്തില്‍ അന്തര്‍ദേശീയ ബാലവേല വിരുദ്ധദിനം ഇന്ന് (12) ആചരിക്കും. രാവിലെ 11ന് പത്തനംതിട്ട ഹോളി ഏഞ്ചല്‍സ് സ്കൂളില്‍ ജില്ലാ കളക്ടര്‍ പി.ബി.നൂഹ് ദിനാചരണം ഉദ്ഘാടനം ചെയ്യും. ജില്ലാ ലീഗല്‍ സര്‍വീസ് അതോറിറ്റി സെക്രട്ടറി ആര്‍.ജയകൃഷ്ണന്‍ അധ്യക്ഷത വഹിക്കുന്ന ചടങ്ങില്‍ ജില്ലാ ലേബര്‍ ഓഫീസര്‍ സൗദാമിനി, ചൈല്‍ഡ് ജില്ലാ കോ-ഓര്‍ഡിനേറ്റര്‍ ഡേവിഡ് റജി മാത്യു തുടങ്ങിയവര്‍ പങ്കെടുക്കും.

(പിഎന്‍പി 1496/18)

## പകര്‍ച്ചവ്യാധി നിയന്ത്രണം: യോഗം ചേര്‍ന്നു

ആറന്മുള പഞ്ചായത്തിലെ പകര്‍ച്ചവ്യാധി നിയന്ത്രണ പരിപാടികള്‍ ഏകോപിപ്പിക്കുന്നതിന് യോഗം ചേര്‍ന്നു. പഞ്ചായത്തിലെ കനാലുകള്‍ വൃത്തിയാക്കി വെള്ളം കെട്ടികിടക്കന്ന

സാഹചര്യം ഒഴിവാക്കുന്നതിന് ജലസേചന വകുപ്പിനെ ചുമതലപ്പെടുത്തി. കൊതുകുനിയന്ത്രണ പ്രവർത്തനങ്ങൾക്ക് പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തും. പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കും. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉടൻ ആരംഭിക്കും. ആയുർവേദ, ഹോമിയോ വിഭാഗങ്ങളുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ആരോഗ്യ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും യോഗത്തിൽ തീരുമാനമായി.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അയിഷ പുരുഷോത്തമൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ.തങ്കമ്മ ടീച്ചർ യോഗം ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷ ഷീജ പി.കോശി, വാർഡംഗങ്ങളായ കെ.കെ.ശിവാനന്ദൻ, സോമവല്ലി, പ്രസന്നൻ, ഷാജൻ തോമസ്, ഡ്യൂരമേഷ്, രമാദേവി, ഡെപ്യൂട്ടി ഡിഎംഒ ഡോ.ടി.അനിതാകുമാരി തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1497/18)

## മെഡിക്കൽ ക്യാമ്പ് നടത്തി

ജില്ലാ മെഡിക്കൽ ഓഫീസിലെ മാസ് മീഡിയ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വല്ലന ഗുരുമന്ദിരത്തിൽ മെഡിക്കൽ ക്യാമ്പും ബോധവത്ക്കരണ ക്ലാസും നടത്തി. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ക്യാമ്പ് നടത്തിയത്. ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർമാരായ റ്റി.കെ.അശോക് കുമാർ, എ.സുനിൽ കുമാർ, സാമൂഹ്യാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ.ഷീന തുടങ്ങിയവർ നേതൃത്വം നൽകി. ഡെങ്കിപ്പനി സംശയിക്കുന്ന രോഗികളുടെ രക്തസാമ്പിളുകളും ശേഖരിച്ചു.

(പിഎൻപി 1498/18)

## ഫോട്ടോ അടിക്കുറിപ്പ്

1) അയിരൂർ മൂക്കന്നൂർ ഭാഗത്ത് കാലവർഷക്കെടുതിയിൽ മരങ്ങൾ വീണ് നാശനഷ്ടമുണ്ടായ സ്ഥലം ജില്ലാ കളക്ടർ പി.ബി.നൂഹ് സന്ദർശിക്കുന്നു.
2) കുറുമ്പൻമൂഴി കോസ്‌വേയ്ക്ക് സമീപം വെള്ളം കയറിയ സ്ഥലം ജില്ലാ കളക്ടർ പി.ബി.നൂഹ് സന്ദർശിക്കുന്നു.
3) അയിരൂർ മൂക്കന്നൂർ ഭാഗത്ത് കാലവർഷക്കെടുതിയിൽ മരങ്ങൾ വീണ് നാശനഷ്ടമുണ്ടായ സ്ഥലം സന്ദർശിച്ച ശേഷം ജില്ലാ കളക്ടർ പി.ബി.നൂഹ് സമീപവാസികളിൽ നിന്നും പരാതി കേൾക്കുന്നു.
4) വല്ലന ഗുരുമന്ദിരത്തിൽ നടന്ന മെഡിക്കൽ ക്യാമ്പ്


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

1.



2.



3.



4.

